നമ്പർ സി2/സ്കോളർഷിപ്പ്/2018

പ്രിൻസിപ്പാളിന്റെ കാര്യാലയം
ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്,
കോഴിക്കോട് - 05.

*തീയതി: 2018 ഒക്ടോബർ 12.*

# നോട്ടീസ്

കേരള സർക്കാർസാമൂഹ്യ നീതി വകുപ്പ് കേരള സുരക്ഷ മിഷൻ മുഖേന നടപ്പിലാക്കുന്ന ''സ്നേഹപൂർവ്വം'' സ്കോളർഷിപ്പ് സ്കീമിലേക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്.(ഫ്രഷ്/റിന്യൂവൽ)

1. അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ അച്ചനോ അമ്മയോ അല്ലെങ്കിൽ ഇരുവരുമോ മരണമടഞ്ഞവരായിരിക്കണം.

2. **അപേക്ഷകന്റെ അല്ലെങ്കിൽ അപേക്ഷകൻ താമസിക്കുന്ന ബന്ധുവീടിന്റെ കുടുംബം ബിപിഎൽ വിഭാഗത്തിൽപ്പെടുന്നവരായിരിണം. അഥവാ എപിഎൽ വിഭാഗമാണെങ്കിൽ നഗരപ്രദേശങ്ങളിൽ വാർഷിക കുടുംബ വരുമാനം 22,375/- രൂപയിലും ഗ്രാമപ്രദേശങ്ങളിൽ 20,000/-രൂപയിലും കൂടാൻ പാടില്ലാത്തതാണ്.** (ഇതു തെളിയിക്കാനുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

3. **വിദ്യാർത്ഥിയുടെയും രക്ഷാകർത്താവിന്റെയും പേരിൽ കോർബാങ്കിംഗ് സംവിധനമുള്ള ഏതെങ്കിലും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ഉണ്ടായിരിക്കണം. (പാസ് ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കണം)**

4. **വിദ്യാർത്ഥിയുടെ അധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിരിക്കണം. അപേക്ഷകർ ഓൺലൈനായി സമർപ്പിക്കുന്നതിനായി ആവശ്യമായ വിവരങ്ങൾ വെള്ള പേപ്പറിൽ രേഖപ്പെടുത്തി അനുബന്ധ രേഖകൾ സഹിതം 24/10/2018 നു മുമ്പായി കോളേജ് ഓഫീസിൽ എത്തിച്ചിരിക്കേണ്ടതാണ്.**

കൂടുതൽ വിവരങ്ങൾക്ക് www.social security.mission.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

പ്രിൻസിപ്പാൾ

Students Notice Board

College Website